"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിഎ1/142/2020-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/05/2020

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കാലവർഷ പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ - തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ - സംബന്ധിച്ച്.

സൂചന:- സ്റ്റേറ്റ് റിലീഫ് കമ്മീഷണർ 20.05.2020 -ൽ നടത്തിയ കാലവർഷ തയ്യാറെടുപ്പ് അവലോകന യോഗ തീരുമാനം

***********************

സംസ്ഥാനത്ത് കാലവർഷം ആസന്നമായ സാഹചര്യത്തിൽ കാലാവർഷക്കെടുതികൾ ലഘൂകരിക്കാനും ഇത് മൂലമുണ്ടാകുന്ന അപകടങ്ങളും മരണങ്ങളും ഒഴിവാക്കാനും തദ്ദേശസ്ഥാപനങ്ങളിൽ കൺട്രോൾ റൂം തുറക്കുന്നതും അടിയന്തരമായി സ്വീകരിക്കേണ്ട മറ്റ് നടപടികളെ സംബന്ധിച്ചും ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു-

i. കാലവർഷ സമയത്ത് തങ്ങളുടെ പരിധിയിലുള്ള ദുരന്ത സാധ്യതാ പ്രദേശങ്ങളുടെ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളും സ്ഥാപനതലത്തിൽ കൺട്രോൾ റൂമുകൾ ജൂൺ 1 മുതൽ തുറക്കേണ്ടതാണ്.

ii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഉള്ള ഭൂമിയിലെ അപകടാവസ്ഥയിലുള്ള മരങ്ങളും അപകടകരമായ മരച്ചില്ലകളും കണ്ടെത്തി മുറിച്ച് മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകുന്നു.

iii. അപകടകരം എന്നും അടിയന്തരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങളും മരച്ചില്ലകളും മുറിക്കുവാനുള്ള അനുമതി നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപെടുത്തേണ്ടതാണ്. ഈ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി അടിയന്തരമായി മുറിക്കേണ്ട മരങ്ങളും മരച്ചില്ലകളും മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈകൊള്ളാവുന്നതാണ്. അടിയന്തരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിക്ക് ശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ.

iv. പരസ്യ ഹോഡിങ്ങുകളുടെ ശക്തി/ബലം പരിശോധിക്കുവാനും, ഇവ കാറ്റത്ത് മറിഞ്ഞു വീണ് നഷ്ടവും ജീവ ഹാനിയും ഉണ്ടാക്കുന്നില്ല എന്നും ഉറപ്പ് വരുത്തുവാനും ഇത്തരം ബോർഡ് സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ സ്ഥാപനങ്ങൾക്കും നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾ നൽകേണ്ടതാണ്.

v. പരിധിയിലുള്ള പുഴക്കടവുകളിലും, ബീച്ചുകളിലും അപകടകരമായ കയം ,നീർച്ചുഴി എന്നിവ ഉള്ള പ്രദേശങ്ങളിലും അപകട സൂചന ബോർഡുകൾ സ്ഥാപിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ

ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുള്ളതിനാൽ ഇത്തരം ചാലുകളുടെ അരികിൽ കാലവർഷകാലത്തു വാഹനങ്ങൾ നിർത്തരുത് എന്ന അപകട സൂചന ബോർഡുകളും സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്